I ഇ.ബി. XIV - കേരള നിയമസഭ /XI-11

# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 21, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: കഴിഞ്ഞ സാമ്പത്തിക വർഷത്തെ ക്യൂവിൽ നിന്ന ചെക്കുകളുടെ തുകയും സ്പിൽ ഓവർ വർക്കുകളുടെ ചെലവും 2018-19 സാമ്പത്തിക വർഷത്തെ ചെലവിൽ ഉൾപ്പെടുത്താനുള്ള തീരുമാനംമൂലം പദ്ധതികൾക്ക് DPC-യുടെ പുനർ അംഗീകാരം വാങ്ങേണ്ടിവന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, കെ. സി. ജോസഫ്, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ജൂലൈ മാസംവരെയുള്ള ഡെവലപ്മെന്റ് ഫണ്ടും അസറ്റ് മെയിന്റനൻസ് ഫണ്ടും ജൂൺ മാസത്തെ ജനറൽ പർപ്പസ് ഫണ്ടും കൊടുത്തുകഴിഞ്ഞു. ഫിനാൻസ് കമ്മീഷൻ ഫണ്ടിന്റെ ആദ്യഗഡു മേയ് മാസത്തിൽ കൊടുത്തിട്ടുണ്ട്. 340 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് റസ്യൂം ചെയ്തിരുന്നത് തിരികെ നൽകിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായി ഏപ്രിൽ മാസം 1-ാം തീയതി പ്ലാൻരേഖ തയ്യാറാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഡെവലപ്മെന്റ് ഫണ്ടിൽ ഉണ്ടായിരുന്ന 8555 ബില്ലുകളിൽ 8067 എണ്ണവും അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉണ്ടായിരുന്ന 4291 ബില്ലുകളിൽ 4175 എണ്ണവും മാറിയിട്ടുണ്ട്. ക്യൂവിൽ നിന്ന ചെക്കുകളിൽ ഡെവലപ്മെന്റ് ഫണ്ട് 257 കോടി രൂപയും മെയിന്റനൻസ് ഫണ്ട് 170 കോടി രൂപയും കൊടുത്തിട്ടുണ്ട്. നിലവിൽ സ്പിൽ ഓവർ പ്രോജക്റ്റിൽ ഭേദഗതിയുണ്ടെങ്കിൽ മാത്രം ഡി.പി.സി.-ക്ക് സമർപ്പിച്ചാൽ മതി. ഈ വർഷം അനുവദിച്ചിട്ടുള്ള തുക ചെലവഴിച്ചതിനുശേഷം മാത്രമേ പുതിയതിനെക്കുറിച്ച് ആലോചിക്കുകയുള്ളൂ.

ശ്രീ. പി. കെ. ബഷീർ: ത്രിതല പഞ്ചായത്തുകൾ സ്വയം ഭരിക്കാൻ കഴിയാത്ത സ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ഭേദഗതി വരുത്തേണ്ട അവസ്ഥയാണ് ത്രിതല പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കുന്നത്. 2017-18-ൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയുടെ അവസാനഘട്ടത്തിലുള്ള ബില്ലുകൾ ക്യൂ സിസ്റ്റത്തിൽ നിർത്തിയത് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. 2017-18 സാമ്പത്തിക വർഷത്തെ പെൻഡിംഗ് ബില്ലുകളുടെയും സ്പിൽ ഓവർ വർക്കുകളുടെയും തുക 2018-19 വർഷത്തെ ചെലവിൽ ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചിരിക്കുന്നതിനാൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതികൾ വീണ്ടും ഡി.പി.സി.-ക്ക് സമർപ്പിച്ച് പുനർ അംഗീകാരം നേടണം. ഇതുമൂലം സാമ്പത്തിക വർഷമാരംഭിച്ച് രണ്ടര മാസമായിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ലൈഫ് പദ്ധതിക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽനിന്ന് തുക നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടക്കാത്ത സ്ഥിതിയാണുള്ളത്. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടായിരിക്കുന്ന പ്രയാസങ്ങൾ ലഘൂകരിച്ച് പ്രായോഗികമായി നടപ്പിലാക്കാനും താഴേക്കിടയിലുള്ള ജനങ്ങളുടെ വികസന സ്വപ്നങ്ങളും ഉപഭോക്തൃ വിഹിതവും ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജൂലൈ വരെ അനുവദിച്ച പണം ചെലവഴിക്കുന്നതിന് ഒരു തടസ്സവുമില്ല. സുലേഖ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തി പെൻഡിംഗ് ബില്ലിനുള്ള പണം നൽകിയിട്ടുണ്ട്. 2017-18 അവസാനിക്കുമ്പോൾ എഗ്രിമെന്റ് വയ്ക്കാത്തതോ തുടങ്ങാത്തതോ ആയ പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്താൻ സാധിക്കില്ലെന്ന നിബന്ധനയുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിനും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുകയ്ക്കും പുറമെ പഞ്ചായത്തുകൾക്ക് ആവശ്യമായിവരുന്ന തുക ഗഡുക്കളായി വിതരണം ചെയ്യുന്നതിന് ഹഡ്കോയിൽ നിന്നും 4500 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ.എം. മാണി, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(കാര്യവിവരപ്പട്ടികയിൽ ഭേദഗതി വരുത്തിക്കൊണ്ട് മുഖ്യമന്ത്രിക്ക് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്താൻ അനുമതി നൽകി.)

## II ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

തോട്ടം മേഖലയിലെ പ്രതിസന്ധി

സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന സത്വര നടപടികൾ സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## III ശ്രദ്ധക്ഷണിക്കൽ

(1) സഹകരണ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സുരേഷ് കുറുപ്പ്: സഹകരണ മേഖലയിൽ റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് അമുൽ, സിയാൽ മാതൃകയിൽ കോട്ടയം ആസ്ഥാനമാക്കി ഒരു സ്ഥാപനം ആരംഭിക്കണം. കേന്ദ്ര സർക്കാർ ചുങ്കം ചുമത്താതെ

കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ആരംഭിക്കുന്നതോടെ റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകൾ പ്രതിസന്ധിയിലാകും. വിലത്തകർച്ചമൂലം സ്മാൾ-മീഡിയം സ്കെയിൽ റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യവസായങ്ങൾ ആരംഭിച്ചാൽ മാത്രമേ ഈ പ്രതിസന്ധി മറികടക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി അമുൽ, സിയാൽ മാതൃകയിൽ സഹകരണ മേഖലയിൽ ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽനിന്ന് റബ്ബർ നേരിട്ട് സംഭരിച്ച് വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): റബ്ബർ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉൽപ്പാദനച്ചെലവിലെ ആനുപാതിക വില ലഭ്യമാക്കുന്നതിനും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചിട്ടുണ്ട്. ഉൽപ്പാദനച്ചെലവിന്റെ പകുതികൂടി ചേർത്ത് ഉൽപ്പന്നവില നിശ്ചയിക്കണമെന്ന സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ നടപ്പിലാക്കാമെന്ന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും അതിന് റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കേണ്ടതുണ്ട്. 07-06-2018-ൽ ചേർന്ന യോഗ തീരുമാനപ്രകാരം സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ സിയാൽ മാതൃകയിൽ കമ്പനി രൂപീകരിക്കുന്നതും റബ്ബർ വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള ഭൂമി

കണ്ടെത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതുമാണ്. ഇത്തരത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടി സ്വീകരിക്കുന്നതാണ്.

(2) വിഷാദരോഗം നേരിടുന്നതിന് നടപടി

ശ്രീ. കെ. എസ്. ശബരീനാഥൻ: കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ വിഷാദരോഗം പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിനും കൃത്യമായ ബോധവത്കരണം നടത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഗവൺമെന്റ് നടത്തിയ സർവ്വേയിൽ കേരളത്തിൽ ഏതാണ്ട് 10 ശതമാനത്തോളം ആളുകൾക്ക് വിഷാദരോഗമുണ്ടെന്ന് കണ്ടെത്തുകയും അത് പരിഹരിക്കുന്നതിനായി പ്രാഥമികാരോഗ്യതലത്തിൽ 'ആശ്വാസം' പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ആശ്വാസം' ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി ആദ്യ വർഷം 170 ആശുപത്രികൾ തെരഞ്ഞെടുത്ത് ഡോക്ടർമാർക്കും നഴ്സുമാർക്കും

പരിശീലനം നൽകിയിട്ടുണ്ട്. സ്ക്രീനിംഗ് നടത്തി വിഷാദ രോഗികളെ കണ്ടെത്താനും ചെറിയതോതിൽ വിഷാദരോഗമുള്ളവർക്ക് കൗൺസിലിംഗ് നൽകുന്നതിനും മിതമായ രീതിയിൽ രോഗമുള്ളവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽവച്ച് ചികിത്സ നൽകുന്നതിനും തീവ്രമായ രീതിയിൽ രോഗമുള്ളവരെ മാനസിക ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ്, പ്രാഥമിക കൗൺസിലിംഗ് എന്നിവ നൽകാൻ സ്റ്റാഫ് നഴ്സുമാർക്കും ഡോക്ടർമാർക്കും പരിശീലനം നൽകിയിട്ടുണ്ട്. സമ്പൂർണ്ണ മാനസിക ആരോഗ്യം എന്ന മുദ്രാവാക്യമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തുറന്നുപറയാനുള്ള അവസരം ഒരുക്കുകയെന്നതാണ് വിഷാദരോഗം ചികിത്സിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളെ ആധുനിക മാനസികാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി തയ്യാറാക്കിവരുന്നു. ടെലഫോൺ വഴിയുള്ള കൗൺസിലിംഗ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## IV സബ്മിഷൻ

### (1) കണ്ണൂർ വിമാനത്താവളം

ശ്രീ. കെ. സി. ജോസഫ് : കണ്ണൂർ വിമാനത്താവളം ഉഡാൻ പദ്ധതിയിൽ നിന്നും ഒഴിവാക്കിയത് പുന:പരിശോധിക്കുന്നതിനും അന്തർദേശീയ

സർവ്വീസുകൾക്ക് അനുമതി നൽകുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : താരിഫ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി നടത്തിയ യോഗത്തിൽ കണ്ണൂർ വിമാനത്താവളത്തെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി വിമാന സർവ്വീസുകൾ നടത്തിയാൽ വലിയ വിമാനത്താവളങ്ങളുടെ പട്ടികയിൽ ഉൾപ്പെടുകയില്ലെന്നും താരിഫ് നിർണ്ണയിക്കാനാവില്ലെന്നും അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത സ്കീമിൽനിന്നും പിൻമാറണമെന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ അഭ്യർത്ഥന അടുത്ത ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുന്നതാണ്. വിമാനത്താവളത്തിന്റെ സുഗമമായ പ്രവർത്തനത്തിനും വിപുലീകരണത്തിനും ഉഡാൻ സ്കീം തടസ്സമായി മാറാൻ സാധ്യതയുള്ളതിനാൽ പിൻമാറുന്നതാണ് നല്ലതെന്നാണ് സർക്കാരിന്റെ അഭിപ്രായം. കണ്ണൂർ വിമാനത്താവളത്തിൽനിന്നും അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിക്കുന്ന വിഷയം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.

(2) പ്രതികളെ കണ്ടെത്തൽ

ശ്രീ. പി. ഉണ്ണി: കടമ്പഴിപ്പുറം ഇരട്ട കൊലപാതക കേസിൽ അന്വേഷണം ഊർജ്ജിതമാക്കി കുറ്റവാളികളെ കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാലക്കാട് ശ്രീകൃഷ്ണപുരത്ത് വീട്ടിൽ അതിക്രമിച്ചുകയറി ദമ്പതികളെ കൊലപ്പെടുത്തിയ സംഭവത്തിൽ കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും സംഭവസ്ഥലത്തുനിന്നും ലഭിച്ച വിരലടയാളങ്ങളും പ്രദേശത്തെ മുഴുവൻ ഫോൺകോളുകളും പരിശോധനാ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി പ്രതികളെ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള മലിനീകരണം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. വി. പി. സജീന്ദ്രൻ: കൊച്ചിൻ റിഫൈനറിയിൽ നിന്നുള്ള മലിനീകരണം പരിസരവാസികൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന സാഹചര്യത്തിൽ ഗ്രീൻ ബെൽറ്റ് സ്ഥാപിച്ചും സമീപവാസികളുടെ സ്ഥലമേറ്റെടുത്തും പ്രശ്നം

പരിഹരിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം.

ശ്രീ. അനൂപ് ജേക്കബ്: കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള മലിനീകരണംമൂലം പരിസരവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിസ്ഥിതി പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നതിനും കമ്പനി അധികൃതരുടെ നിഷേധാത്മക നിലപാട് തിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പുത്തൻകുരിശ് വില്ലേജിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ.-ന് ചുറ്റുമുള്ള പ്രദേശത്ത് മലിനീകരണം കൂടുതലാണെന്നും ബഫർസോൺ, ഗ്രീൻ ബെൽറ്റ് എന്നിവ സ്ഥാപിക്കുകയോ തങ്ങളുടെ ഭൂമി കമ്പനി ഏറ്റെടുക്കുകയോ ചെയ്യണമെന്നും റസിഡന്റ്സ് അസോസിയേഷനുകൾ ആവശ്യപ്പെട്ടിരുന്നു. റിഫൈനറിക്ക് ചുറ്റുമുള്ള അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിക്കുന്നുണ്ടെന്നും ജീവനക്കാരും തൊഴിലാളികളും ആരോഗ്യപ്രശ്നങ്ങളില്ലാതെ വർഷങ്ങളായി ജോലി ചെയ്യുന്നുണ്ടെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. കമ്പനി മലിനീകരണ നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തുന്നതും വ്യവസായ വകുപ്പ് വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം

പരിസരവാസികളുടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ കമ്പനിയോട് ആവശ്യപ്പെടുന്നതുമാണ്.

(4) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്

ശ്രീ. എ. എം. ആരിഫ്: മിശ്രവിവാഹിതരായ പട്ടികജാതി പിന്നോക്ക വിഭാഗക്കാരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് തിരുത്തി ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മിശ്രവിവാഹിതരായ പിന്നോക്ക മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ മക്കൾക്ക് ഒ.ബി.സി. ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്. സംവരണം ലഭിക്കുന്നതിന് ക്രീമിലെയർ പരിധികൂടി പരിഗണിക്കേണ്ടതുണ്ട്. ഉന്നതപദവിയിലുള്ള മുന്നോക്ക വിഭാഗങ്ങളെ മേൽത്തട്ടായി പരിഗണിച്ച് ക്രീമിലെയർ ആയാണ് പരിഗണിക്കുന്നത്. മിശ്രവിവാഹിതരിലെ ഒ.ബി.സി. സർട്ടിഫിക്കറ്റിന് അർഹതയുള്ള കുട്ടികൾക്കും ഇത് ബാധകമാണ്. കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിൽ മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക ജാതിക്കാരനും ഒരാൾ മുന്നോക്ക

ജാതിക്കാരനുമാണെങ്കിൽ മക്കൾക്ക് പിന്നോക്ക വിഭാഗത്തിന് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യം, തൊഴിൽ സംവരണം എന്നിവ ലഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. സുപ്രീംകോടതി വിധിയനുസരിച്ച് മിശ്ര വിവാഹിതരിൽ അച്ഛൻ പട്ടികജാതിയിൽപ്പെട്ടാൽ മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. പിന്നോക്ക വിഭാഗങ്ങളിലെ മിശ്ര വിവാഹിതരുടെ മക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ മിശ്ര വിവാഹിതരുടെ മക്കൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾക്ക് സമാനമായ ഉത്തരവ് പുറപ്പെടുവിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. 20-11-2008-ലെ ഉത്തരവിന് സമാനമായി പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിനും വ്യക്തമായ മാനദണ്ഡം പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) പട്ടയ വിതരണം

ശ്രീ. കെ. ഡി. പ്രസേനൻ: തേങ്കുറിശ്ശി 2-ാം വില്ലേജിലെ സ്ഥിരതാമസക്കാരായ പട്ടികജാതി/പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നിലവിലെ ചട്ടങ്ങൾ പ്രകാരം തേങ്കുറിശ്ശി 2-ാം വില്ലേജിലെ സ്ഥിരതാമസക്കാർ

1964-നുമുമ്പ് കുടിയാന്മാരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണെന്നും അവരെ വിചാരണ നടത്തിയതിന്റെ അടിസ്ഥാനത്തിൽമാത്രമേ പട്ടയം വിതരണം നടത്താൻ പാടുള്ളൂ എന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ രേഖ ഹാജരാക്കാൻ പലർക്കും സാധിച്ചിട്ടില്ല. കുടിയാന്മ തെളിയിക്കുന്നതിനുള്ള ഡോക്യുമെന്ററി എവിഡൻസ് ഇല്ലാത്ത സ്ഥലങ്ങളിൽ വാക്കാലുള്ള എവിഡൻസ് മതിയാകുമെന്ന് ലാൻഡ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ വർഷങ്ങളായി താമസിക്കുന്ന സ്ഥലത്തിന്റെ വ്യക്തമായ രേഖകൾ കൈവശമുണ്ടായിരിക്കില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ട്രിബ്യൂണലുകൾക്ക് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

### (6) തീരദേശവാസികളെ മാറ്റി താമസിപ്പിക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: തൃശ്ശൂർ ജില്ലയിൽ രൂക്ഷമായ കടലാക്രമണമുണ്ടായ കയ്പമംഗലം കടൽത്തീരത്തുള്ളവരെ മാറ്റി താമസിപ്പിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം മണ്ഡലത്തിൽ ഏറിയാട് ഗ്രാമപഞ്ചായത്തിൽ ലാന്റ്

ബോർഡ് ഏറ്റെടുത്ത അഴീക്കോടുള്ള മിച്ചഭൂമിയിൽ തീരദേശവാസികളെ മാറ്റി പാർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത നടപടി പുന:പരിശോധിക്കാൻ ഉത്തരവായിട്ടുണ്ട്. പുന:പരിശോധനയ്ക്കുശേഷം ഉത്തരവാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി കൂടി ഉപയോഗിച്ച് കടൽത്തീരത്ത് താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കടലാക്രമണവും പ്രതിരോധ പ്രവർത്തനങ്ങളും സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (7) മലയോര കർഷകർക്ക് പട്ടയം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് അടിയന്തരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തൃശ്ശൂർ ജില്ലയിൽ 01-01-1977-നുമുമ്പ് വനഭൂമി കൈവശം വച്ച് അനുഭവിക്കുന്നവരിൽ നാളിതുവരെ 4056 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിവിധ കാരണങ്ങളാൽ നിരവധി കേസുകളിൽ പട്ടയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. കേന്ദ്രാനുമതി ലഭിച്ചതും ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കാത്തതുമായ കേസുകളിൽ പട്ടയം നൽകാൻ സാധിച്ചിട്ടില്ലായെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അപേക്ഷകരുടെയോ വനം വകുപ്പിന്റെയോ കൈവശം പരിശോധന സംബന്ധിച്ച

രേഖകളുണ്ടെങ്കിൽ ആയത് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പട്ടയ വിതരണത്തിനായി സർവ്വേ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മരവില നിശ്ചയിക്കാൻ തീരുമാനം കൈക്കൊള്ളുന്നതിന് വനം വകുപ്പിനും വൃക്ഷ വില കൊടുക്കാനുള്ളവരുടെ കാര്യത്തിൽ സമയബന്ധിതമായി നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. എം. സ്വരാജ്: തൃപ്പൂണിത്തുറ മരടിൽ സ്കൂൾ കുട്ടികളെ കയറ്റി വന്ന വാഹനം അപകടത്തിൽപ്പെട്ട് രണ്ട് കുട്ടികളും ആയയും മരിക്കാനിടയായ പശ്ചാത്തലത്തിൽ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പുതിയ പരിശോധനാ രീതികൾ പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം. കൂടാതെ അനുവദനീയമായ എണ്ണത്തിൽ കൂടുതൽ കുട്ടികളെ സ്കൂൾ ബസുകളിലും പ്രൈവറ്റ് വാഹനങ്ങളിലും കയറ്റുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും വലിയ സ്കൂൾ ബസുകളിൽ ഒന്നിൽക്കൂടുതൽ പേരെ ഡോർ അറ്റൻഡർമാരായി

നിയമിക്കുകയും വേണം.

ശ്രീമതി വീണാ ജോർജ്ജ്: സ്കൂൾ ബസുകൾ അനുവദനീയമായ സ്പീഡിലാണോ ഓടിക്കുന്നതെന്നും കോൺടാക്ട് ക്യാരേജുകളിൽ കൃത്യമായുള്ള അടയാളങ്ങൾ രേഖപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും പ്രധാന റോഡുകളിൽ സ്കൂൾ ബസുകൾക്ക് പ്രത്യേക സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും ഇവിടെ മറ്റു വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സ്കൂൾ ബസുകളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നില്ലായെന്നുള്ളത് വസ്തുതയാണ്. അനധികൃത വാഹനങ്ങളിൽ കുട്ടികളെ സ്കൂളിൽ അയയ്ക്കാതിരിക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണം. സ്കൂൾ ബസിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെ പേരും മേൽവിലാസവും രക്ഷിതാക്കളുടെ കോൺടാക്ട് നമ്പരും ഉൾപ്പെട്ട പട്ടിക തയ്യാറാക്കി ലാമിനേറ്റ് ചെയ്ത് സൂക്ഷിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിനെതിരെയും അനുവദനീയമായതിലും കൂടുതൽ കുട്ടികളെ വാഹനങ്ങളിൽ കയറ്റുന്നതിനെതിരെയും കർശന നടപടി സ്വീകരിക്കുന്നതാണ്. സ്കൂൾ വാഹനങ്ങളിൽ ആയയ്ക്കു പുറമേ ഒരു ഡോർ അറ്റൻഡറുടെ സേവനം കൂടി ലഭ്യമാക്കണമെന്നും അഗ്നിശമന ഉപകരണങ്ങൾ ബസുകളിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് പ്രത്യേക

പരിശീലനം നൽകുന്ന കാര്യം ശ്രദ്ധിക്കുന്നതാണ്. ഈ അദ്ധ്യയന വർഷം 19806 ബസുകൾ പരിശോധിച്ച് 'കുട്ടികളുടെ സുരക്ഷ' എന്ന സേഫ്റ്റി സ്റ്റിക്കർ ഒട്ടിക്കുകയുണ്ടായി. ജി.പി.എസ്. സംവിധാനത്തിലൂടെ ഇത്തരം വാഹനങ്ങളെ കണ്ടെത്തി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ സംസ്ഥാന/ജില്ലാതല നോഡൽ ഓഫീസുമായി ബന്ധിപ്പിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഫിറ്റ്നസ് ടെസ്റ്റിൽ നടത്തുന്ന കബളിപ്പിക്കൽ കണ്ടുപിടിക്കുന്നതിന് മിന്നൽ പരിശോധന നടത്തുന്നതാണ്. മാനദണ്ഡങ്ങൾ പാലിക്കാത്ത ബസുകളുടെ പെർമിറ്റ് റദ്ദാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## (9) ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സെന്റ് തോമസ് ഇടവക ദേവാലയം സ്ഥിതി ചെയ്യുന്ന പുല്ലുവഴിയിൽ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സൂപ്പർക്ലാസ്, ഡീലക്സ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സെന്റ് തോമസ് ഇടവക ദേവാലയം സ്ഥിതി ചെയ്യുന്ന പുല്ലുവഴിയിൽ ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (10) ബിനാനി സിങ്ക് ലിമിറ്റഡ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കളമശ്ശേരിയിലെ പൂട്ടിക്കിടക്കുന്ന

ബിനാനി സിങ്ക് ലിമിറ്റഡ് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സമീപ പ്രദേശങ്ങളിൽ അഞ്ച് പോണ്ടുകളിൽ സംഭരിച്ചിരിക്കുന്ന രാസ മാലിന്യം നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): എറണാകുളം ജില്ലയിലെ ബിനാനി സിങ്ക് കമ്പനി ബി.ഐ.എഫ്.ആർ.-ന് പരിഗണിക്കപ്പെട്ടിട്ടുള്ളതാണ്. തൊഴിലാളികളുടെ ശമ്പളവും മറ്റ് അലവൻസുകളും 120 ദിവസങ്ങൾക്കുള്ളിൽ കൊടുത്തുതീർക്കുന്നതിന് 2017 ഫെബ്രുവരി മാസം ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ടെങ്കിലും തൊഴിലാളി തർക്കം ഉൾപ്പെടെയുള്ള നിരവധി വിഷയങ്ങൾ തീർപ്പാകാനുണ്ട്. ബാങ്ക് അധികൃതർ കമ്പനി ആസ്തികൾ ലേലത്തിൽ വയ്ക്കുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ പ്ലാന്റുകളിൽ കെട്ടിക്കിടക്കുന്ന രാസവസ്തുക്കൾ നീക്കം ചെയ്യണമെന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. മലിനീകരണ നിയന്ത്രണത്തിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർക്കും മലിനീകരണ നിയന്ത്രണ ബോർഡിനും നിർദ്ദേശം നൽകുന്നതും അടിയന്തര നടപടി സ്വീകരിക്കുന്നതുമാണ്.

(11) <u>കാട്ടാന ആക്രമണം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പാലക്കാട് നിയോജകമണ്ഡലത്തിൽ പ്രഭാകരൻ എന്ന തൊഴിലാളി കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സാഹചര്യത്തിൽ വന്യജീവി ആക്രമണത്തിൽനിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും അടിയന്തരമായി യോഗം വിളിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: പ്രഭാകരൻ എന്ന ചുമട്ടുതൊഴിലാളിയുൾപ്പെടെ മൂന്ന് പേരെ ചവിട്ടിക്കൊന്ന സാഹചര്യത്തിൽ ആനയെ ഇണക്കി നാട്ടാനയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): പാലക്കാട് മുണ്ടൂർ പ്രദേശത്ത് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രഭാകരൻ എന്നയാളുടെ കുടുംബത്തിന് അടിയന്തരമായി 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശവസംസ്കാരത്തിനും പോസ്റ്റ്മോർട്ടത്തിനും വരുന്ന ചെലവുകൾ വനം വകുപ്പുതന്നെ വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കാട്ടാനകളുടെ വർദ്ധിച്ച് വരുന്ന ആക്രമണങ്ങൾ ഫലപ്രദമായി പ്രതിരോധിക്കാൻ കേരളത്തിൽനിന്നും മൂന്ന് ആനകളെ കുങ്കി പരിശീലനത്തിനായി

തമിഴ്നാട്ടിലേയ്ക്ക് അയച്ചിട്ടുണ്ട്. പാലക്കാട് ഇറങ്ങിയ ആനയെ മയക്കുവെടിവച്ച് റേഡിയോ കോളർ ഘടിപ്പിക്കാനും തുടർ നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. വനമേഖല ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ വൈൽഡ് ലൈഫ് വാർഡനടക്കമുള്ള ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള

ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

4. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

5. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

6. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

7. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മുനിസിഫ്-ജില്ലാ കോടതികളുടെ അർത്ഥാധികാരിത വർദ്ധിപ്പിച്ചപ്പോൾ ആനുപാതികമായ വർദ്ധനവ് ഹൈക്കോടതിക്ക് അനുവദിക്കാത്തതിന്റെ ഫലമായി കേസുകൾ തീർപ്പുകൽപ്പിക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയാണ്. ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ അർത്ഥാധികാരിത 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന ഈ ഭേദഗതിയിലൂടെ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും അപ്പീലുകൾ

തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സാധാരണക്കാരായ ജനവിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നതിനും സഹായകരമാകും. എം.എ.സി.റ്റി. കേസുകൾക്ക് നഷ്ടപരിഹാരത്തുക നൽകുന്നത് സ്ലാബ് സംവിധാനത്തിലൂടെ കാര്യക്ഷമമാക്കുന്നതിനും ജനകീയതയും സുതാര്യതയും ഉറപ്പുവരുത്തിക്കൊണ്ട് ഹൈക്കോടതിയുൾപ്പെടെയുള്ള കോടതികളിൽ ജഡ്ജിമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സേവനങ്ങൾ പ്രചരിപ്പിക്കുന്നതിനും മീഡിയേഷൻ സെല്ലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും സംവിധാനമുണ്ടാക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേശീയതലത്തിൽ കോടതികളുടെ പരിപാവനതയും പവിത്രതയും സംരക്ഷിക്കപ്പെടണം. കേരളത്തിൽ നീതിന്യായ സംവിധാനം കുറ്റമറ്റതാണെങ്കിലും കേസുകൾ തീർപ്പുകല്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഹൈക്കോടതിയിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോടതികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കീഴ്ക്കോടതികളിൽ ഇടക്കാല ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുകയും വിശ്രമ മുറിയും ശുചിമുറിയും നിർമ്മിക്കുകയും വേണം. ജില്ലാ കോടതികളുൾപ്പെടെ ആധുനികവത്കരിക്കുന്നതിനും സുഗമമായി പ്രവർത്തിക്കുന്നതിനുമുള്ള സാഹചര്യമുണ്ടാക്കണം. സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി സമയബന്ധിതമായി തീർപ്പാക്കണം. ഫയലുകൾ മോഷണം പോകുന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. സായാഹ്ന കോടതികളിലൂടെ കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും എം.എ.സി.ടി. കേസുകളിലെ കാലതാമസം ഒഴിവാക്കി ക്ലെയിം ചെയ്യുന്ന തുകയുടെ 10 ശതമാനം ആക്സിഡന്റിൽപ്പെട്ടവർക്കോ അവരുടെ ആശ്രിതർക്കോ നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം. വാഹനാപകടത്തിൽപ്പെടുന്നവർക്ക് ധനസഹായം നൽകുന്നതിനും കോടതികൾ കാലോചിതമായി ആധുനികവത്കരിക്കുന്നതിനും ലിറ്റിഗേഷനുവേണ്ട സഹായം നൽകുന്നതിനും ഗവൺമെന്റ് തയ്യാറാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിന്റെ ലക്ഷ്യം ഹൈക്കോടതിയുടെ പെക്യൂനിയറി അധികാരം വർദ്ധിപ്പിക്കലാണ്. ഇത് 1 ലക്ഷം രൂപയിൽനിന്നും 40

ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിന്റെ അവാർഡ് തുക കണക്കിലെടുക്കാതെതന്നെ സിംഗിൾ ജഡ്ജിയുടെ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അധികാരം നൽകുകയും ഡിവിഷൻ ബഞ്ചിൽ പെന്റിംഗ് അപ്പീലായ 40 ലക്ഷത്തിൽ താഴെയുള്ള എല്ലാ കേസുകളും സിംഗിൾ ബഞ്ചിലേയ്ക്ക് മാറ്റുകയും ചെയ്യുന്നതിലൂടെ കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പുകൽപ്പിക്കാൻ സാധിക്കും. കോടതികളുടെ പശ്ചാത്തല സൗകര്യ വികസനത്തെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിനും കോടതികളിൽ ഇ-ഫയലിംഗ് സമ്പ്രദായം, കമ്പ്യൂട്ടർവത്കരണം എന്നിവ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഫയൽ നഷ്ടപ്പെട്ട കേസിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ചീഫ് ജസ്റ്റിസ് നിയോഗിക്കുന്ന ഉദ്യോഗസ്ഥന് മാത്രമേ അന്വേഷണം നടത്താൻ സാധിക്കുകയുള്ളൂ. ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ ഒഴിവുകൾ നികത്തുന്നതിനും പുതിയ കോടതികൾ സ്ഥാപിക്കുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചു. സിവിൽ-ക്രിമിനൽ കോടതികളിൽ 460 ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കാനും വിരമിച്ച ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമായി ഉയർത്താനും സാധിച്ചു. ജുഡീഷ്യൽ ഓഫീസർമാരുടെ സ്പെഷ്യൽ പേ

പരിഷ്കരിക്കുകയും ഹൈക്കോടതി ജഡ്ജിമാർക്ക് പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിക്കുകയും ചെയ്തു. ജുഡീഷ്യറിയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ മിനിസ്റ്റീരിയൽ സ്റ്റാഫുകളുടെ സമാന തസ്തികകളിലെ നിയമനത്തിൽ ധനകാര്യ വകുപ്പ് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കോടതി വ്യവഹാര ഭാഷ മലയാളത്തിലാക്കുന്നതിന് 260 പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഭിഭാഷകരുടെ ക്ഷേമനിധി, ചികിത്സാനിധി, ക്ലാർക്കുമാരുടെ ക്ഷേമനിധി എന്നിവ ഉയർത്തുകയും ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് ഏർപ്പെടുത്തുകയും ചെയ്തു. ബിൽ ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2 -ാം വകുപ്പ്</u>

131, 134, 154 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3 -ാം വകുപ്പ്</u>

161-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4 -ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

110, 112, 114, 117, 128, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിനെ അനുകൂലിക്കുന്നു. അദാലത്തുകൾ നടത്തിയും ഗ്രാമന്യായാലയങ്ങൾ സ്ഥാപിച്ചും കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കണം. സുപ്രീംകോടതിയിലടക്കം ജുഡീഷ്യറിയിൽ വളർന്നുവരുന്ന അനഭിലഷണീയമായ പ്രവണതകൾ ഗൗരവത്തോടെ കാണണം. കൊളീജിയത്തിൽ ഇടപെടുക എന്ന കേന്ദ്ര സർക്കാർ നയം നിയമവ്യവസ്ഥയെ അട്ടിമറിക്കാനുള്ള നീക്കമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കോടതികളുടെ വിശ്വാസ്യത നിലനിർത്താനും പൗരന്റെ അവകാശങ്ങൾ ഉറപ്പുവരുത്താനും നീതിനിർവ്വഹണ സംവിധാനം കുറ്റമറ്റതാക്കാനും ജനപ്രതിനിധി സഭകൾ മുന്നോട്ട് വരണം. എം.എ.സി.ടി. കേസുകളിലെ അകാരണമായ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മാത്യു ടി. തോമസ്: ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവരെ ശിക്ഷിക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയിൽ ഐ.ജി. റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ അംഗമാക്കാനും ക്വാറം നിശ്ചയിക്കാനുമുള്ള ഭേദഗതി നിയമമാണ് കൊണ്ടുവരുന്നത്.

ശ്രീ. വി. ടി. ബൽറാം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ യോഗങ്ങളിൽ മുഴുവൻ അംഗങ്ങളും പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുപകരം ചെയർമാൻ അടക്കം നാല് അംഗങ്ങളായി ക്വാറം നിജപ്പെടുത്താനുള്ള ഭേദഗതി അംഗീകരിക്കത്തക്കതല്ല. പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്ന

ഒരു വകുപ്പായി ജലവിഭവ വകുപ്പ് മാറിക്കഴിഞ്ഞു. പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ചെലവ് വർദ്ധിക്കുന്നതിന് കാരണമാക്കുന്നു. അന്തർ സംസ്ഥാന നദീജലം ഉപയോഗിക്കുന്നതിലും കരാറുകൾ നേടിയെടുക്കുന്നതിലും വലിയ വീഴ്ചയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള ജലസമ്പത്തിന്റെ വളരെക്കുറച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. അന്തർ സംസ്ഥാന ജല കർമ്മ സമിതിക്ക് പ്രവർത്തിക്കാൻ ആവശ്യമായ തുക അനുവദിക്കാത്തതിനാൽ പ്രവർത്തനം നിലച്ചുപോകുന്ന അവസ്ഥ ഉണ്ടായിരിക്കുകയാണ്. തമിഴ്നാടുമായുള്ള ഒത്തുകളി നിമിത്തമാണ് പ്രോജക്ടുകളിൽ പലതും നടപ്പാക്കാത്തത് എന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അപ്പർ ഭവാനിയിൽ തുരങ്കം കെട്ടുന്ന തമിഴ്നാടിന്റെ നടപടിക്കെതിരെ പ്രതികരിക്കാൻ കേരളത്തിന് സാധിക്കുന്നില്ല. പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ചിരിക്കുന്നു. ശിരുവാണി നദിയിൽനിന്നും കേരളത്തിന് അർഹതപ്പെട്ട ജലം കുപ്പിവെള്ള കമ്പനികളെ സംരക്ഷിക്കുന്നതിനുവേണ്ടി തമിഴ്നാട് ഉപയോഗിച്ചുവരികയാണ്. പറമ്പിക്കുളവുമായി ബന്ധപ്പെട്ട ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ കേരളത്തിന്റെ പ്രതിനിധികളുണ്ടെങ്കിലും തമിഴ്നാടാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. ഉദ്യോഗസ്ഥർ അവരുടെ ചുമതല കൃത്യമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്തം

ഗവൺമെന്റിനുണ്ട്. തമിഴ്നാടുമായുള്ള ചർച്ചകളിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക ജാഗ്രത പുലർത്തണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഡാം സേഫ്റ്റി അതോറിറ്റി യോഗം ചേരുന്നതിനുള്ള ക്വാറത്തിൽ ഭേദഗതി വരുത്തുന്നത് ഉദ്യോഗസ്ഥരുടെ അലംഭാവത്തിന് കാരണമാകും. സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടിട്ടും കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊട്ടിയ പൈപ്പ് ഒന്നരവർഷത്തിനുശേഷവും നന്നാക്കാത്ത വാട്ടർ അതോറിറ്റിയുടെ നടപടി തികഞ്ഞ അനാസ്ഥയാണ്. വാട്ടർ മാനേജ്മെന്റ് സിസ്റ്റം കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം വാട്ടർ അതോറിറ്റിക്ക് നൽകണം. ജലനിധി പദ്ധതി നിന്നുപോയ പഞ്ചായത്തുകളിൽ വീണ്ടും നടപ്പാക്കണം. മെയിന്റനൻസും മോണിറ്ററിംഗും കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ മീറ്റർ റീഡർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും അക്കൗണ്ട്സ് മെമ്പർ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികകളിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കണം. ബില്ലിംഗ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിനും ലൈസൻസില്ലാത്ത പ്ലംബർമാരെ ഒഴിവാക്കുന്നതിനും അംഗീകൃത യൂണിയൻ പ്രതിനിധികളെ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും തയ്യാറാകണം. വിതരണ ശൃംഖലയിലെ ചോർച്ച പരിഹരിക്കുകയും ജീർണ്ണാവസ്ഥയിലുള്ള പൈപ്പുകൾ മാറ്റി ഗുണനിലവാരമുള്ള

പൈപ്പുകൾ സ്ഥാപിക്കുകയും വേണം. വാട്ടർ അതോറിറ്റി ഫണ്ട് അനുവദിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും വൻകിട-ചെറുകിട കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനും മുൻകയ്യെടുക്കണം. യഥാസമയം റിപ്പോർട്ട് സമർപ്പിക്കാത്തതു കാരണമാണ് കേന്ദ്ര സർക്കാരിന്റെ ജലക്രാന്തി പദ്ധതി സംസ്ഥാനത്തിന് നഷ്ടമായത്. കുത്തഴിഞ്ഞ അവസ്ഥയ്ക്ക് മാറ്റം വരുത്തി വാട്ടർ അതോറിറ്റിയെ മെച്ചപ്പെടുത്തുന്നതിനുള്ള വകുപ്പുമന്ത്രിയുടെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കാസർഗോഡ് ജില്ലയിലെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനും സന്നദ്ധസംഘടനകൾ നടത്തുന്ന ഡയാലിസിസ് കേന്ദ്രങ്ങൾക്ക് സൗജന്യനിരക്കിൽ വെള്ളം നൽകുന്നതിനും തയ്യാറാകണം.

ശ്രീ. പി. ടി. തോമസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 11 അംഗങ്ങളുള്ള കേരള ഡാം സേഫ്റ്റി കമ്മിറ്റിയുടെ ക്വാറം 50 ശതമാനത്തിൽ കുറയാൻ പാടില്ലെന്ന നിലവിലെ വ്യവസ്ഥ ഭേദഗതി ചെയ്ത് ചെയർമാനുൾപ്പെടെ നാല് അംഗങ്ങളായി ക്വാറം നിജപ്പെടുത്തുന്നത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുമെന്നതിനാൽ ആ ഭേദഗതിയോ വകുപ്പുതന്നെയോ ഒഴിവാക്കണം. അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട് കാവേരി നദിയിൽനിന്ന് കേരളത്തിന് അനുവദിച്ച ജലം ഉപയോഗപ്പെടുത്താനും ഭവാനിയിലെ അട്ടപ്പാടി പ്രോജക്ടും പാമ്പാറിലെ പട്ടിശ്ശേരി പ്രോജക്ടും സമയബന്ധിതമായി നടപ്പാക്കാനും നടപടി സ്വീകരിക്കണം.

മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് ദുരന്ത നിവാരണ സമിതി രൂപീകരിച്ചെങ്കിലും കേരളം ഇതുവരെ രൂപീകരിച്ചിട്ടില്ല. 2014-ലെ സുപ്രീംകോടതി വിധിയിൽ സൂപ്പർവൈസറി കമ്മിറ്റി രൂപീകരിച്ച് മൺസൂണിനുമുമ്പും ശേഷവുമുള്ള കാര്യങ്ങൾ വിലയിരുത്തണമെന്നും ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും പറഞ്ഞിരുന്നുവെങ്കിലും അത് സംബന്ധിച്ച നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മുല്ലപ്പെരിയാർ ഷട്ടർ തുറക്കുന്നതിനുള്ള റൂൾസ് കാലോചിതമായി പരിഷ്കരിക്കുകയും പറമ്പിക്കുളം, ഷോളയാർ, ഭാരതപ്പുഴ തുടങ്ങിയ അന്തർ സംസ്ഥാന നദീജല തർക്കവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുകയും ചെയ്യണം. അന്തർ സംസ്ഥാന നദീജല തർക്കവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യപ്പെട്ടില്ലെങ്കിൽ സംസ്ഥാനത്തിന് വലിയ നഷ്ടം ഉണ്ടാകും. വാട്ടർ അതോറിറ്റിയുടെ വസ്തുവകകൾ അന്യാധീനപ്പെടാതെയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി ഇത് മാറാതെയും സംരക്ഷിക്കണം. കളമശ്ശേരി നിയോജകമണ്ഡലത്തിൽ വർഷങ്ങളായി പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന പൈപ്പ്ലൈൻ റോഡ് നന്നാക്കാൻ നടപടി സ്വീകരിക്കണം. പദ്ധതികൾക്ക് അനുവദിച്ച പണം ചെലവഴിക്കാത്തതും ബഡ്ജറ്റ് വിഹിതത്തേക്കാൾ ചെലവ് കുറഞ്ഞു വരുന്നതുമായ സാഹചര്യം സി.ആന്റ് എ.ജി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്

സർക്കാരിന്റെ ഗുരുതരമായ വീഴ്ചയാണ്. ഇത് പരിശോധിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം ലഭിക്കുമ്പോൾ കേരളത്തിന് നാമമാത്രമായ വിഹിതം ലഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കപ്പെടേണ്ടതും സമയബന്ധിതമായി പ്രോജക്ടുകൾ നൽകാനും മോണിറ്റർ ചെയ്യാനുമുള്ള സംവിധാനം ഉപയോഗപ്പെടുത്തേണ്ടതുമാണ്. നദികളും ജലാശയങ്ങളും മലിനപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. മുഹമ്മദ് മുഹസിനുവേണ്ടി <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ടിന്റെ എല്ലാ വശങ്ങളും പ്രയോജനപ്പെടുത്താൻ കഴിയാത്തതുകൊണ്ടാണ് പലപ്പോഴും ഭേദഗതികൾ ആവശ്യമായിവന്നത്. എന്നാൽ പിൽക്കാലങ്ങളിലുണ്ടായ നിരവധി ഭേദഗതി നിയമങ്ങൾ ഉൾപ്പെടെ ബില്ലുകൾ പാസ്സാക്കിയെങ്കിലും നിയമത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിഞ്ഞില്ല. സംസ്ഥാനത്തെ 50 വർഷത്തിനുമേൽ പഴക്കമുള്ള ഷെഡ്യൂൾഡ് ഡാമുകളിൽ ഡാം സേഫ്റ്റി അതോറിറ്റിയിലെ അംഗങ്ങളോ അല്ലെങ്കിൽ ഒരു നിയമസഭാ ഉപസമിതിയോ സന്ദർശിച്ച് നിലവിലുള്ള അവസ്ഥയെക്കുറിച്ച്

പഠിക്കുകയും ദുരന്തമുണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കാലപ്പഴക്കംചെന്ന ഡാമുകൾ പുനർനിർമ്മിക്കുന്നതിനും മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഡാമുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള ഡാം സേഫ്റ്റി അതോറിറ്റിയിലേയ്ക്ക് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നാമനിർദ്ദേശം ചെയ്യുന്നതിനും ഡാം സേഫ്റ്റി അതോറിറ്റി യോഗങ്ങളിൽ ക്വാറം ഉറപ്പുവരുത്തുന്നതിനും ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന ശിക്ഷ ഉറപ്പാക്കുന്നതിനുമായി കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. കാലാനുസൃതമായ ജലനയം രൂപീകരിക്കുന്നതിനും സമ്പൂർണ്ണ ജലസുരക്ഷാ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും സർക്കാർ ഇടപെടലുണ്ടാകണം. ജലസംരക്ഷണവും മാലിന്യ സംസ്കരണവും പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. അൻവർ സാദത്ത്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഡാം സേഫ്റ്റി അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം അംഗസംഖ്യയുടെ 50 ശതമാനത്തിൽ കുറയാൻ പാടില്ലെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് ചെയർമാൻ

ഉൾപ്പെടെ നാല് അംഗങ്ങളായി നിജപ്പെടുത്തുന്ന നടപടി ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്ന വേളയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉണ്ടാകുകയില്ല എന്നതിനാൽ ഈ ഭേദഗതിയിൽനിന്ന് സർക്കാർ പിന്മാറണം. ജലസ്രോതസ്സുകളുടെ സുരക്ഷയും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിന് അയൽ സംസ്ഥാനങ്ങളുമായി നിലനിൽക്കുന്ന നദീജല കരാറുകൾ പുതുക്കുന്നതിനും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം കണക്കിലെടുത്ത് പകരം പുതിയ ഡാം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ജലാശയങ്ങൾ മലിനപ്പെടുത്തുന്ന കുറ്റത്തിന് ശിക്ഷാവ്യവസ്ഥകൾ ഉൾപ്പെടുത്തിയ നടപടി സ്വാഗതം ചെയ്യുന്നു. കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ജലവിതരണ പൈപ്പുകളിൽ നിരന്തരമായി സംഭവിക്കുന്ന ചോർച്ച പരിഹരിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും കൂടുതൽ ഫണ്ട് വകയിരുത്തുന്നതിനും തീരുമാനമെടുക്കണം. ജലസംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. പെരിയാർ നദി സംരക്ഷിക്കാനും പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനും ആലുവ നിയോജകമണ്ഡലത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കേരളത്തിലെ ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനമാക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കുക എന്ന ലക്ഷ്യമാണ് ഈ ബില്ലിനുള്ളത്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് മൂന്ന് വർഷംവരെയാകാവുന്ന തടവോ രണ്ട് ലക്ഷം രൂപവരെ പിഴയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഡാം സേഫ്റ്റി അതോറിറ്റിയിൽ ഒരു റിട്ടയേർഡ് ജഡ്ജി ചെയർമാനും വാട്ടർ റിസോഴ്സസ് സെക്രട്ടറി എക്സ്-ഒഫിഷ്യോ അംഗവും സെൻട്രൽ വാട്ടർ കമ്മീഷന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ചീഫ് എഞ്ചിനീയർമാർ അംഗങ്ങളുമാണ്. ക്വാറമില്ലാത്തതിനാൽ അതോറിറ്റിയുടെ നിരവധി യോഗങ്ങൾ മുടങ്ങിയ സാഹചര്യത്തിലാണ് ക്വാറം 4 ആയി കുറയ്ക്കാൻ തീരുമാനിച്ചത്. പാരിസ്ഥിതിക പ്രശ്നങ്ങളുള്ളതിനാൽ പല പുതിയ പദ്ധതികളും പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കടമാൻതോട്ടുമായി ബന്ധപ്പെട്ട ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്. കാവേരി ട്രിബ്യൂണൽ പ്രകാരം അനുവദിച്ച വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രദേശവാസികളുടെ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ സ്ഥലത്തെ നിയമസഭാംഗങ്ങളുൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ

കഴിയുമോയെന്ന് പരിശോധിക്കാൻ വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കി തമിഴ്നാടിന് കൈമാറിയിട്ടുണ്ട്. കാവേരി ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം കേരളത്തിന് അനുവദിക്കപ്പെട്ട ജലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കരാറിന് വിരുദ്ധമായി ഭാരതപ്പുഴയിൽ നിർമ്മിച്ചിരിക്കുന്ന തടയണകൾ പൊളിച്ചുനീക്കണമെന്ന ആവശ്യം കൂടി ഉൾപ്പെടുത്തി സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ് ഭേദഗതി ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. നദികളിൽ തടയണകൾക്ക് പകരം ഗോവ ഭണ്ഡാരാസ് എന്ന ചെലവ് കുറഞ്ഞ സംവിധാനം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. പഴകിയ എ.സി. പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതാണ്. തിരുവനന്തപുരം സിറ്റിയിൽ തുടർച്ചയായി പൈപ്പ് പൊട്ടുന്നത് പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതാണ്. ജോയിന്റ് വാട്ടർ റഗുലേറ്ററി ബോർഡ് മീറ്റിംഗിന്റെ തീരുമാനമനുസരിച്ച് ഒരാഴ്ച 300 ക്യൂസെക്സും ജൂൺ അവസാനം വരെ 200 ക്യൂസെക്സും വെള്ളം റിലീസ് ചെയ്യാൻ ധാരണയായിട്ടുണ്ട്. വാട്ടർ അതോറിറ്റിക്കോ ഇറിഗേഷൻ വകുപ്പിനോ ആവശ്യമില്ലാത്ത സ്ഥലങ്ങൾ മറ്റ് വകുപ്പുകൾക്ക് ആവശ്യമുള്ളപക്ഷം ഭാവിയിൽ വിട്ടുകൊടുക്കാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. കുടിവെള്ളത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വെള്ളത്തിന് നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം

ആലോചനയിലാണ്. നെയ്യാർ ഡാമിൽനിന്ന് തിരുവനന്തപുരം നഗരത്തിലേയ്ക്ക് വെള്ളം കൊണ്ടുവരുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. ജലാശയങ്ങൾ പൂർവ്വസ്ഥിതിയിലേയ്ക്കെത്തിക്കാനുതകുന്ന നിയമഭേദഗതിയാണിത്. ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

123, 126, 128, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ അവതരിപ്പിച്ചു.

125. In section 37(4) proposed to be inserted in the principal Act by clause 2, after the word " excreta" , the words " or any other waste materials" shall be inserted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

123. In section 37(4) proposed to be inserted in the principal Act by clause 2, after the word " deposit" insert the words " or cause to deposit"

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

136, 137, 138, 141, 142, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

146, 149, 154, 156, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

146. In section 59(2) proposed to be substituted in the principal Act by clause 4, for the word "four" substitue the word " five "

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

160, 161, 162, 164, 166, 167, 169, 173 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

176, 181, 182, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

195, 196 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

(ഭേദഗതിയില്ല.)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

111, 112, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിനെ അനുകൂലിക്കുന്നു. പുതിയ കാലഘട്ടത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് വലിയ ഡാമുകൾ ഡീ കമ്മീഷൻ ചെയ്ത് സംസ്ഥാനത്തിനാവശ്യമായ വാട്ടർ സ്റ്റോറേജിനുള്ള സംവിധാനമുണ്ടാക്കുന്നതിനും വാട്ടർ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജാഗ്രത പുലർത്തുകയും കാലാവധി കഴിഞ്ഞ അന്തർ സംസ്ഥാന നദീജല കരാറുകൾ പുതുക്കി സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്ന രീതിയിൽ മാറ്റുന്നതിനും നടപടി സ്വീകരിക്കണം. ജല മലിനീകരണവും ദുരുപയോഗവും തടയുന്നതിനും ശുദ്ധജലം ഫലപ്രദമായി കൺസർവ് ചെയ്യുന്നതിനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം.

2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എൽദോ എബ്രഹാം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് മേഖലയിൽ പുതിയൊരു ദിശാബോധമുണ്ടാക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസം, ഗവേഷണം, അക്കാദമിക മേന്മ എന്നിവ ഉയർത്തുന്നതിനും അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനുമായി രൂപീകരിച്ച

കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല എ.പി.ജെ. അബ്ദുൾകലാമിന്റെ പേരിൽ അറിയപ്പെടുന്നുവെന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള ഭേദഗതികളാണ് ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ 1986-ൽ ഭേദഗതി ചെയ്തപ്പോഴുള്ള പ്രസക്ത ഭാഗങ്ങളും നിലവിലുള്ള അധികാരസ്ഥാപനങ്ങൾക്കുപുറമെ ഓരോ പഠന ശാഖയ്ക്കും ഓരോ ബോർഡ് ഓഫ് സ്റ്റഡീസ്, ധനകാര്യ സമിതി, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ എന്നിവ കൂടി ഉൾക്കൊള്ളിക്കണമെന്ന അമെന്റ്മെന്റും കൂടി ബില്ലിന്റെ ഭാഗമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അക്കാദമിക സമിതിയുടെ പേര് 'അക്കാദമിക കൗൺസിൽ' എന്നും നിർവ്വാഹക സമിതിയുടെ പേര് 'സിൻഡിക്കേറ്റ് ' എന്നും മാറ്റം വരുത്തിയിട്ടുണ്ട്. ബോർഡ് ഓഫ് ഗവർണേഴ്സിൽ അവശ്യം വേണ്ട മാറ്റംവരുത്തി പുതിയ അംഗങ്ങളെ കൊണ്ടുവരിക എന്ന ഉദ്ദേശ്യവും ഈ ബില്ലിന്റെ ഭേദഗതിയിൽ ഉൾപ്പെടുന്നു. മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് തുടർ ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് കൈരളി ഗവേഷണ അവാർഡ് സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല

(ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സമഗ്രമായ മാറ്റങ്ങളോ സർവ്വകലാശാലയെ ശക്തിപ്പെടുത്താനുള്ള ഭേദഗതികളോ ഉൾക്കൊള്ളിക്കാത്ത ബില്ലാണിത്. നൂതന സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ട്രെന്റുകൾ, പഠന വകുപ്പുകളുടെ കാര്യത്തിലും ഗവേഷണത്തിലും മറ്റ് സംസ്ഥാനങ്ങളും രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്നിവ സംബന്ധിച്ച് ബില്ലിൽ പരാമർശിച്ചിട്ടില്ല. 5 പഠന വകുപ്പുകളെങ്കിലും ഇതിൽ ഉൾക്കൊള്ളിക്കേണ്ടത് അനിവാര്യമായിരുന്നു. പദ്ധതികൾക്കും റാങ്കിംഗിലും കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ഉൾപ്പെടുത്തിയിട്ടില്ല. എ.ഐ.സി.റ്റി.ഇ. പ്രതിനിധികളെക്കൂടി ബോർഡ് ഓഫ് ഗവർണേഴ്സിൽ ഉൾപ്പെടുത്തണം. അക്കാദമിക് കാര്യങ്ങൾ സർക്കാർ അട്ടിമറിച്ചതും സെമസ്റ്റർ സ്ഥാനക്കയറ്റത്തിന് നടപ്പാക്കിയ ഇയർ ഔട്ട് സമ്പ്രദായം, ഇന്റേൺഷിപ്പ് തുടങ്ങിയവ അവസാനിപ്പിച്ചതും അപലപനീയമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയെ ജനാധിപത്യവൽക്കരിക്കുന്നതിനാണ് ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. പരീക്ഷകൾ കൃത്യമായി നടത്താനും റിസൾട്ടുകൾ

ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രസിദ്ധീകരിക്കാനും സർവ്വകലാശാലകൾക്ക് സാധിച്ചിട്ടുണ്ട്. അക്കാദമിക വിഷയങ്ങളിൽ വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. ബില്ലിലെ 22-ാം വകുപ്പിലൂടെ ബോർഡ് ഓഫ് സ്റ്റഡീസ്, ധനകാര്യ സമിതി, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ, വനിതാ പ്രാതിനിധ്യം, എസ്.സി./എസ്.ടി. പ്രാതിനിധ്യം, അനദ്ധ്യാപകരുടെ പ്രാതിനിധ്യം എന്നിവ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുകയാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ യു.ജി.സി. പ്രതിനിധി ഇല്ലാത്ത സാഹചര്യത്തിൽ ഇവിടെ കേന്ദ്ര ഏജൻസികളുടെ പ്രതിനിധി ആവശ്യമില്ല. പ്രസ്തുത സർവ്വകലാശാലയ്ക്കുള്ള ആസ്ഥാന മന്ദിരം വിളപ്പിൽശാലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 -ാം വകുപ്പ്

130, 133, 135, 136, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 -ാം വകുപ്പ്

144, 149, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4 -ാം വകുപ്പ്

159, 161, 164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5 -ാം വകുപ്പ്

166, 167, 173, 175, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

176. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (viii)ൽ "വിദ്യാർത്ഥി കൗൺസിൽ" എന്ന വാക്കുകൾക്ക് പകരം "സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6 -ാം വകുപ്പ്

179, 182, 183, 184, 186, 187, 189, 190, 194, 195, 197, 199, 200, 201, 202, 203, 204, 205, 207, 208, 209, 211, 214, 215, 216, 218, 219, 220, 223, 225, 227, 230, 231, 232, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

179. ഖണ്ഡം 6 (എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (xv)-ൽ "സർവ്വകലാശാലാ" എന്ന വാക്കിനു ശേഷം "വിദ്യാർത്ഥി" എന്നു ചേർക്കുക.

186. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ "തിരഞ്ഞെടുക്കുന്ന" എന്ന വാക്കിനു പകരം "തെരഞ്ഞെടുക്കുന്ന" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ "ആളും" എന്ന വാക്കിനു പകരം "വിദ്യാർത്ഥിയും" എന്ന വാക്ക് ചേർക്കുക.

205. ഖണ്ഡം 6 (സി)(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ "കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള" എന്ന വാക്കുകൾ ഒഴിവാക്കുക.

225. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ "അല്ലാത്ത" എന്ന വാക്കിനു പകരം "ഇതര" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

204. ഖണ്ഡം 6 (സി)(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ "പബ്ലിക്കേഷൻസോടുകൂടിയതുമായ" എന്നതിനു പകരം "പബ്ലിക്കേഷൻസുള്ളതുമായ" എന്നത് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ചു.

217. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ "അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

239, 241, 242, 243, 244, 245, 252, 254 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

242. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, " തിരഞ്ഞെടുപ്പ്" എന്ന വാക്ക് പ്രയോഗിച്ചിട്ടുള്ളിടത്തെല്ലാം അതിനു പകരം "തെരഞ്ഞെടുപ്പ്" എന്ന വാക്ക്

ചേർക്കുക.

244. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, " പൂർത്തിയാക്കുന്നതുവരെ" എന്നതിനു പകരം "പൂർത്തിയാകുന്നതുവരെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

256, 257, 258, 259, 261, 263, 264, 265, 266, 268, 269, 270, 271, 272, 274, 275, 276, 277, 278, 280, 281, 284, 286, 287, 288, 290, 291, 292, 293, 294, 295, 296, 298, 299, 300, 301, 302 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

8-ാം വകുപ്പിൽ "നിയന്ത്രണത്തിലുള്ള" എന്ന വാക്ക് വരുന്നിടത്തെല്ലാം "നിയന്ത്രിത" എന്ന വാക്ക് ചേർക്കണം.

262. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, “ ഒരു" എന്നതിനു പകരം "ഓരോ" എന്നത് ചേർക്കുക.

289. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iv)-ൽ, “ പട്ടികവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന വാക്കിനുപകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

258. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, “ നൽകുന്ന" എന്ന വാക്കിനു പകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

264. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, “ പ്രിൻസിപ്പാൾ" എന്നതിനുപകരം "പ്രിൻസിപ്പൽ" എന്നത് ചേർക്കുക.

272. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iv)-ൽ, “ പ്രൊഫസർമാരുടെ" എന്നതിനു പകരം "പ്രൊഫസറുടെ" എന്നു ചേർക്കുക.

274. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 31(2)-ന്റെ ഇനം (iv)-ൽ, " നൽകുന്ന" എന്ന വാക്കിനു പകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

296. പ്രധാന ആക്ടിലെ വകുപ്പ് 31(2)ന്റെ ഇനം (v)-ൽ, " ബിരുദധാരികളായ" എന്ന വാക്കിനുപകരം "ബിരുദധാരിയായ" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

293. ഖണ്ഡം 8(സി)-ൽ " ഒരു പ്രഗത്ഭനായ വ്യവസായി" എന്ന വാക്കുകൾക്കുപകരം "ബിരുദധാരിയായ പ്രഗത്ഭനായ ഒരു വ്യവസായി" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

266, 271, 284 എന്നീ നമ്പർ ഭേദഗതികൾ 15-നെതിരെ 42 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

303, 305, 306, 307, 309, 315, 316, 317, 318, 319, 327, 329, 331, 333, 335, 340, 343, 346, 347 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

308. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(2)-ൽ “ അധികാരങ്ങളും" എന്ന വാക്കിനു ശേഷം "ചുമതലകളും" എന്ന് ചേർക്കുക.

326. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(1)ൽ “ ആവശ്യമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ" എന്ന വാക്കുകൾ ഒഴിവാക്കുക.

337. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(2)(ii)-ൽ “ അഭിലഷണീയമായ മാർഗ്ഗങ്ങളുടെ" എന്ന വാക്കുകൾ ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

305. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(1)-ൽ, “ വീതം" എന്ന വാക്ക് ഒഴിവാക്കുക.

315. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 37 എ(1)ൽ " പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി" എന്ന വാക്കുകൾക്ക് പകരം " കാര്യത്തിനും ഉപദേശം നൽകുന്നതിനും മേൽനോട്ട ചുമതല വഹിക്കുന്നതിനുമായി" എന്ന വാക്കുകൾ ചേർക്കുക.

317. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)ൽ " നിശ്ചിത" എന്ന വാക്കിനു പകരം " നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

347. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(2)-ൽ " വിദ്യാർത്ഥി കൗൺസിലിന്റെ" എന്നതിന് പകരം " സ്റ്റുഡന്റ്സ് കൗൺസിലിന്റെ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

346. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(1)-ൽ, " വിദ്യാർത്ഥി കൗൺസിൽ" എന്നത് " സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന് മാറ്റുക.

പ്രസ്തുത വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലും " സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന് മാറ്റേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

112, 113, 114, 117, 118, 119, 120, 122, 124, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സാങ്കേതികശാസ്ത്ര രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാനാണ് മഹാനായ എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ 2015-ൽ സാങ്കേതികശാസ്ത്ര സർവ്വകലാശാല സ്ഥാപിതമായത്. പ്രായോഗിക നടത്തിപ്പിലുണ്ടായ ചില പ്രയാസങ്ങൾ കണക്കിലെടുത്താണ് ഇവിടെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സെന്റർ ഓഫ് എക്സലൻസായി ഇതിനെ ഉയർത്താനുള്ള ശ്രമമാണ് നടത്തേണ്ടത്. ലോകത്തുള്ള മറ്റ് സർവ്വകലാശാലകളുമായി മത്സരിക്കത്തക്ക രീതിയിൽ ഈ സർവ്വകലാശാല വളർന്നുവരണം. ബിൽ ഐകകണ്ഠേന പാസ്സാക്കാവുന്നതാണ്.

2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.13-ന് പിരിഞ്ഞു.

*******